# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)



'അലകൾ' വായിക്കുക, വരിക്കാരാവുക, പ്രചരിപ്പിക്കുക

അലകൾ തപാലിൽ ലഭിക്കാൻ 60 രൂപ മണിയോർഡറായി അയക്കുക

വിലാസം

മാനേജർ, അലകൾ, ടാങ്ക് റോഡ്

പുളിമൂട്, തിരുവനന്തപുരം - 695 001



പുസ്തകം 4 ലക്കം 30 തിരുവനന്തപുരം 2013 ജനുവരി 16-31 www.alakal.net വില 2 രൂപ


# ഔട്ട്ബോർഡ് വള്ളങ്ങൾക്ക് കൂടുതൽ മണ്ണെണ്ണയ്ക്ക് കേന്ദ്രപദ്ധതി

കൊല്ലം : ഔട്ട്ബോർഡ് എൻജിൻ ഉപയോഗിക്കുന്ന വള്ളങ്ങൾക്ക് കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കാൻ കേന്ദ്രം പദ്ധതി തയ്യാറാക്കുന്നുണ്ടെന്ന് കേന്ദ്രമന്ത്രി കെ.വി. തോമസ്. ഇന്ത്യ-നോർവീജിയൻ പ്രോജക്ടിന്റെ 60-ാം വാർഷികം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മത്സ്യ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന മണ്ണെണ്ണ അനർഹരുടെ കയ്യിലെത്താതിരിക്കാൻ നടപടി വേണം. ഉൾനാടൻ ജലഗതാഗതത്തിന് സർക്കാർ കോടികൾ നീക്കിവച്ചെങ്കിലും നടപടി മാത്രം മുന്നോട്ട് പോകുന്നില്ല. സ്വന്തം താൽപര്യങ്ങളിൽ മാത്രം ഒതുങ്ങിയാൽ മുന്നോട്ടു പോകാനാകില്ല. മൽസ്യബന്ധന രംഗവും തുറമുഖങ്ങളും ആധുനികവൽക്കരിക്കണ മെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ആഴക്കടൽ മത്സ്യബന്ധനത്തിൽ ഇനിയും ഏറെ വളരണം. നമ്മുടെ സമുദ്രാതിർത്തിക്ക് 200 നോട്ടിക്കൽ മൈൽ പുറത്ത് വിദേശ കപ്പലുകൾ യാതൊരു നിയന്ത്രണവുമില്ലാതെ മൽസ്യബന്ധനം നടത്തുന്നു. ഇതുകാരണം പല മത്സ്യങ്ങളും വംശനാശഭീഷണയിലാണെന്നും അദ്ദേഹം പറഞ്ഞു.

പരമ്പരാഗത മൽസ്യബന്ധനവും യന്ത്രവൽകൃത മൽസ്യബന്ധനവും ചർച്ചകളിലൂടെ കൂടുതൽ വികസിപ്പിക്കണ മെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി ഷിബു ബേബിജോൺ പറഞ്ഞു. ആഴക്കടൽ മൽസ്യ ബന്ധനത്തിന് നമ്മുടെ മൽസ്യതൊഴിലാളികളെ പ്രോൽസാഹിപ്പിക്കാൻ തുറമുഖ വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതിപരിഗണനയിലാണെന്ന് മന്ത്രി കെ. ബാബു പറഞ്ഞു. കേന്ദ്രത്തിൽ സ്വതന്ത്ര ചുമതല യിൽ ഫിഷറീസ് വകുപ്പും മന്ത്രിയും വേണമെന്നും കെ. ബാബു പറഞ്ഞു. എൻ. പീതാംബരക്കുറുപ്പ് എം.പി., എൻ.കെ. പ്രേമചന്ദ്രൻ, അൽഫോൺസ് ഫിലിപ്പ്, ബോൾഡ്വിൻ ഒാസ്റ്റിൻ, നെയ്ത്തിൽ വിൻസന്റ്, ചാർളി ജോസഫ്, ഫാ. ജോസ് നെറ്റോ, എം.എസ്. ജയിംസ്, യേശുദാസ്, പീറ്റർ മത്യാസ്, സേവ്യർ മത്യാസ് എന്നിവർ പ്രസംഗിച്ചു.

## വർഷകാല ട്രോളിംഗ് നിരോധനം അവലോകനം ചെയ്യുന്നതിനുള്ള ചോദ്യാവലി

രാജ്യത്തെ മത്സ്യമേഖലയുടെ വളർച്ചയിൽ സുപ്രധാനമായ പങ്കാണ് കേരള സംസ്ഥാനം നൽകിയിട്ടുള്ളത്. കടൽ മത്സ്യബന്ധനത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്നതും നമ്മുടെ സംസ്ഥാനം തന്നെ. പക്ഷെ, കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി ഇവിടുത്തെ തീരക്കടലിൽ മത്സ്യ വിഭവശോഷണം സംബന്ധിച്ച ആശങ്കകൾ പല കോണുകളിൽ നിന്നും കേൾക്കുന്നുണ്ട്. ശാസ്ത്രീയ നിരീക്ഷണങ്ങളിലും ഈ ആശങ്കകൾ അസ്ഥാനത്തല്ല എന്ന സൂചനയാണ് നൽകുന്നത്. 1988 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വർഷകാല ട്രോളിംഗ് നിരോധനത്തിന്റെ പ്രത്യാഘാതം പഠിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു വിദഗ്ധ കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി മത്സ്യമേഖലയുമായി ബന്ധപ്പെട്ടവരിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ ലക്ഷ്യത്തോടു കൂടിയാണ് ഈ ചോദ്യാവലി തയ്യാറാക്കിയിട്ടുള്ളത്.

**1. ട്രോളിംഗ് നിരോധനം വിലയിരുത്തൽ**

1988 മുതൽ കേരളതീരത്ത് നടപ്പിലാക്കി വരുന്ന വർഷകാല ട്രോളിംഗ് നിരോധനത്തെക്കുറിച്ച് അറിവുണ്ടോ? അറിവുണ്ടെങ്കിൽ, ട്രോളിംഗ് നിരോധനം ഗുണകരമോ? ട്രോളിംഗ് നിരോധനം നിലവിലെ രീതിയിൽ തുടരേണ്ടതുണ്ടോ? ട്രോളിംഗ് നിരോധനത്തിന്റെ കാലയളവ് കൂട്ടേണ്ടതുണ്ടോ? (നിലവിൽ 45 - 47 ദിവസം) ഉണ്ടെങ്കിൽ കാലയളവ്? ട്രോളിംഗ് നിരോധനം മത്സ്യലഭ്യത വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടോ? മത്സ്യസമ്പത്തിന്റെ സുസ്ഥിരതയ്ക്ക് ട്രോളിംഗ് നിരോധനം സഹായകരമാണോ? റിങ്ങ് സീനറുകൾക്ക് (IBM & OBM) നിയന്ത്രണം ആവശ്യമുണ്ടോ? 2007 ലെ കേരളവർഷകാല മത്സ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണ ആക്ട് ഉപരിതല മത്സ്യങ്ങളുടെ ചൂഷണത്തിന് സഹായകരമാണോ? ട്രോളിംഗ് നിരോധനം സ്വീകാര്യമാണോ? ട്രോളിംഗ് നിരോധനം ഏത് തരം തൊഴിലാളികളെയാണ് കൂടുതൽ ദോഷകരമായി ബാധിക്കുന്നത്? മേൽകാലയളവിൽ തൊഴിലിനെ ബാധിക്കുന്നവർ ഏത് ഉപതൊഴിലാണ് ചെയ്യുന്നത്. ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യതൊഴിലാളികൾക്കും കുടുംബത്തിനു ആവശ്യത്തിന് സൗജന്യറേഷൻ ലഭിക്കുന്നുണ്ടോ? ട്രോളിംഗ് നിരോധന കാലയളവിനു ശേഷം

മത്സ്യഇനങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ? വിലകൂടിയ മത്സ്യഇന ങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ?

**2. സംസ്ഥാന സർക്കാർ നിയോഗിച്ച മത്സ്യമേഖലയുമായി ബന്ധപ്പെട്ട മുൻകാല കമ്മിറ്റികളുടെ കണ്ടെത്തലുകളും ശുപാർശകളും വിലയിരുത്തൽ.**

25 വർഷമായി കേരള തീരക്കടലിൽ നടപ്പിലാക്കിവരുന്ന വർഷകാല ട്രോളിംഗ് നിരോധനം പരിസ്ഥിതിക്കും സമുദ്രാടിത്തട്ടിൽ അധിവസിക്കുന്ന ജീവജാലങ്ങൾക്കും ഗുണകരമാണെന്ന കണ്ടെത്തലുകളോട് യോജിപ്പുണ്ടോ? മൺസൂൺകാല ട്രോളിംഗ് നിരോധനം മൂലം മത്സ്യസമ്പത്ത്, മത്സ്യതൊഴിലാളികളുടെ വാർഷികവരുമാനം എന്നിവ വർദ്ധിച്ചു എന്ന കണ്ടെത്തലുകളോട് യോജിപ്പുണ്ടോ? ട്രോളിംഗ് നിരോധന കാലയളവിൽ ചെറു ഉപരിതല മത്സ്യങ്ങളായ ചാള, അയല, നത്തോലി തുടങ്ങിയ ഇനങ്ങളെ റിങ്സീനറുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്താവുന്നതാണ് എന്ന് ശുപാർശയോട് യോജിക്കുന്നുണ്ടോ? കേരളതീരത്ത് നിലവിൽ ഉപയോഗിച്ചു വരുന്ന ട്രോളർ, റിംങ്സീനർ എന്നിവയുടെ എണ്ണം പരിമിതപ്പെടുത്തണം എന്ന നിർദ്ദേശത്തോട് യോജിപ്പുണ്ടോ? 20 വർഷത്തിലധികം പഴക്കമുള്ള യന്ത്രവത്കൃത/മോട്ടോർ ഘടിപ്പിച്ച യാനങ്ങളെ മത്സ്യബന്ധന പ്രവർത്തനങ്ങളിൽ നിന്ന് മാറ്റേണ്ടതാണെന്ന നിർദ്ദേശത്തോട് യോജിക്കുന്നുണ്ടോ? 10 വർഷത്തിലധികം പഴക്കമുള്ള യന്ത്രവത്കൃത/മോട്ടോർ ഘടിപ്പിച്ച യാനങ്ങളെ മത്സ്യബന്ധന പ്രവർത്തനങ്ങളിൽ നിന്ന് മാറ്റേണ്ടതാണെന്ന നിർദ്ദേശത്തോട് യോജിക്കുന്നുണ്ടോ? പഴയ യാനങ്ങൾക്ക് പകരം പുതിയവ നിർമ്മിക്കുവാൻ മത്സ്യതൊഴിലാളികളെ മാത്രം അനുവദിക്കുക എന്ന ശുപാർശയോട് യോജിപ്പുണ്ടോ? മത്സ്യബന്ധനയാനം നിർമ്മിക്കുന്നതിനു മുൻപ് ഫിഷറീസ് വകുപ്പിന്റെ അനുമതി നേടണം എന്ന നിർദ്ദേശത്തോട് യോജിപ്പുണ്ടോ? IBM റിംങ്സീനറുകൾ OBM റിംങ് സീനറുകളേക്കാൾ കാര്യക്ഷമവും പരിസ്ഥിതി പ്രത്യാഘാതങ്ങൾ കുറച്ച് സൃഷ്ടിക്കുന്നതുമാണെന്ന കണ്ടെത്തലിനോട് യോജിപ്പുണ്ടോ? OBM റിങ് സീനറുകളെ കാലക്രമത്തിൽ മത്സ്യബന്ധനത്തിൽ നിന്ന് പിൻവലിച്ച് മത്സ്യതൊഴിലാളി ഉടമസ്ഥതയിലുള്ള IBM റിംങ് സീനറുകളാക്കുക എന്ന നിർദ്ദേശത്തോട് യോജിപ്പുണ്ടോ? തീരക്കടലിൽ 10 മീറ്റർ ആഴത്തിനു ശേഷം മാത്രമേ IBM റിംങ് സീനറുകൾ പ്രവർത്തിക്കുവാൻ അനുവദിക്കാവൂ എന്ന ശുപാർശ അംഗീകരിക്കാവുന്ന താണോ? മിനി ട്രോളറുകൾ പൂർണ്ണ മായും കേരളതീരത്ത് നിരോധിക്കേണ്ട താണെന്ന നിർദ്ദേശം അംഗീകരിക്കാവുന്നതാണോ? മത്സ്യബന്ധന- അനുബന്ധ മേഖലയുടെ സുസ്ഥിര വികസനത്തിന് വില്ലേജ് - ജില്ല - സംസ്ഥാനതല കമ്മിറ്റികൾ തല്പരരെ ഉൾപ്പെടുത്തി രൂപീകരിച്ച് പ്രവർ ത്തിക്കേണ്ട താണെന്ന നിർദ്ദേശം അംഗീകരിക്കാവുന്ന താണോ? നിശ്ചിത കണ്ണിവലിപ്പത്തിൽ താഴെയുള്ള റിംങ് സീൻ വലകൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ടോ?

**3. മത്സ്യബന്ധന ഉപാധികൾ, മാർഗ്ഗങ്ങൾ, നിയന്ത്രണങ്ങൾ**

തീരക്കടലിൽ / ഉൾനാടൻ ജലാശയങ്ങളിൽ ഉപയോഗിക്കുന്ന താഴെ പറയുന്ന മത്സ്യബന്ധന രീതികൾ ഏതെങ്കിലും നിരോധിക്കേണ്ടതുണ്ടോ? ട്രോളർ, റിംങ് സീൻ, മിനി ട്രോൾ, ഊന്നിവല. മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിക്കുന്നതിനായി നിലവിൽ നൽകി ക്കൊണ്ടിരിക്കുന്ന ഇന്ധന (മണ്ണെണ്ണ/ ഡീസൽ) സബ്സിഡി പര്യാപ്തമാണോ? ഇന്ധന സബ്സഡി വർദ്ധിപ്പിക്കുന്നതിനോട് യോജിപ്പുണ്ടോ? തീരക്കടൽ മത്സ്യബന്ധനത്തിന്റെ സുസ്ഥിരത നിലനിർത്തുന്നതിനായി തിരഞ്ഞെടുത്ത മത്സ്യബന്ധന പ്രദേശങ്ങൾ സംരക്ഷിത പ്രദേശങ്ങളായി പ്രഖ്യാപിച്ച് മത്സ്യബന്ധനം നിരോധിക്കുക എന്ന ആശയത്തോട് യോജിപ്പു ണ്ടോ? സംസ്ഥാന നിയന്ത്രണത്തി ലുള്ള തീരക്കടലിന്റെ വ്യാപ്തി 12 നോട്ടിക്കൽ മൈൽ ആയി നിജപ്പെടുത്തിയതിനോട് യോജിപ്പുണ്ടോ? ഈ പ്രദേശത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കേണ്ടതുണ്ടോ? മത്സ്യബന്ധനമേഖല യിലെ നിയമങ്ങളും നിയന്ത്ര ണങ്ങളും കർശനമായി നിലവിൽ നടപ്പിലാക്കുന്നുണ്ടോ? മത്സ്യ ബന്ധനയാനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനായി സർക്കാർ നേരിട്ട് മത്സ്യതൊഴിലാളികളിൽ നിന്ന് മത്സ്യബന്ധനയാനങ്ങൾ നഷ്ടപരിഹാരം നൽകി തിരിച്ച് വാങ്ങുന്നതിനോട് യോജിപ്പുണ്ടോ? മത്സ്യബന്ധന നിയമങ്ങൾ ലംഘിക്കുന്നവർ ക്കെതിരെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾ പ്പെടെയുള്ള കർശന നിയന്ത്രണ ങ്ങൾ ഏർപ്പെടുത്തുന്നത് ഈ മേഖലയ്ക്ക് നല്ലതാണോ? യന്ത്രവൽകൃതയാനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളി കൾക്ക് പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ യാനങ്ങളിൽ നിലവിൽ ലഭ്യമാണോ? മത്സ്യബന്ധന യാന ങ്ങളിലെ മത്സ്യസംഭരണിയുടെ വലിപ്പം നിയന്ത്രിക്കേണ്ടതുണ്ടോ? മത്സ്യബന്ധനയാനങ്ങളുടെ നീളവും എഞ്ചിന്റെ കുതിരശക്തിയും ബന്ധ പ്പെടുത്തിയുള്ള നിയന്ത്രണങ്ങൾ ആവശ്യമാണോ? തീരക്കടലിൽ അധികമായിട്ടുള്ള മത്സ്യബന്ധന യാനങ്ങളെ ആഴക്കടൽ മത്സ്യബന്ധനത്തിനായി തിരിച്ചുവിടേണ്ടതുണ്ടോ? ഉണ്ടെങ്കിൽ അതിനായിട്ടുള്ള നിലവിലെ പദ്ധതികൾ പര്യാപ്തമാണോ? ആഴക്കടൽ/ തീരക്കടൽ മത്സ്യബന്ധന വേളയിൽ മറ്റ് ചെറുമത്സ്യങ്ങൾക്ക് നാശം സംഭവിക്കുമോ? മത്സ്യബന്ധനയാനങ്ങൾ പ്രവർത്തിപ്പിക്കുന്ന സ്രാങ്കിന് തൊഴിലിൽ അഭിരുചി തെളിയിക്കുന്ന യോഗ്യത കർശനമാക്കണമോ? കേരളതീരക്കടലിൽ മത്സ്യബന്ധനം നടത്തുന്ന അന്യ സംസ്ഥാന യാനങ്ങൾക്ക് പ്രത്യേക നിയന്ത്രണം ആവശ്യമാണോ? അഴിമുഖ പ്രദേശവും കായലും അനിയന്ത്രിതമായി നികത്തുന്നത് കടൽ മത്സ്യവിഭവങ്ങളുടെ സുസ്ഥിരതയെ ബാധിക്കുന്നതായി കരുതുന്നുണ്ടോ? പ്രത്യേക അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ രേഖപ്പെടുത്തുക.

**നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അഡീഷണൽ ഡയറക്ടർ, ഫിഷറീസ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അറിയിക്കാവുന്നതാണ്.**

**– അലകൾ**

Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph : 2500685
Editor : T. Peter, Phone : 0471-6541985, Mobile : 944742943, E-mail : admin@alakal.net, peter.ksmtf@gmail.com